അടിസ്ഥാനത്തിൽ ഇവർ തുങ്ങിമരിച്ചു എന്നുള്ളതിന്റെ പേരിൽ, സ്ത്രീ പീഡനത്തിനുതന്നെയാണ് കേസ് എടുത്തിരിക്കുന്നത്. എന്തായാലും ബഹു മാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ സ്ഥിതിക്ക് സ്ത്രീധനപീഡനത്തിന്റെ പേരിലുള്ള കേസ് ഒന്നുകൂടി പരിശോധിക്കാനായിട്ട് പ്രത്യേകം നിർദ്ദേശം നൽകുകയാണ്. പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല, എത്രയും വേഗം പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കും.

(3) ശ്രീകണ്ഠപുരം കേന്ദ്രമായി ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് കോടതി

ശ്രീ. കെ. സി. ജോസഫ്: സർ, തളിപ്പറമ്പ് കോടതിയിൽ കേസുകളുടെ ബാഹുല്യം, മൂലവും കേസുകൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യം കണക്കിലെടുത്തും മലയോര മേഖലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ചും ഹൈക്കോടതിയുടെ മുൻഗണനാ പട്ടികയിൽ 11-ാം സ്ഥാനത്തുള്ള ശ്രീകണ്ഠപുരം ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി ആ മുൻഗണനാ പട്ടികയിൽ നിന്നും മാറി Out of turn priority-യിൽ ഈ വർഷം തന്നെ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ശ്രീ. കെ. സി. ജോസഫ് ഇവിടെ പറഞ്ഞ ശ്രീകണ്ഠപുരം കോടതി ഗവൺമെന്റിന്റെ പ്രയോറിറ്റി ലിസ്റ്റിൽ ഉണ്ട്. ഈ കോടതിയുടെ ഇന്നത്തെ പ്രയോറിറ്റി 11-ാമതാണ് എന്നുള്ളത് മാറി നേരത്തെ ആരംഭിക്കുന്നതിനുവേണ്ടി ഹൈക്കോടതിയുടെ അനുമതി തേടിയിരിക്കുകയാണ്. ഹൈക്കോടതിയുടെ അനുമതി കിട്ടിയാലുടൻ അതിൽ നടപടി സ്വീകരിക്കും. ഹൈക്കോടതിയുടെ അനുമതി കിട്ടാൻവേണ്ടിയുള്ള ശ്രമവും നടത്തുന്നതാണ്.

(4) വടകര വില്യാപ്പള്ളിയിൽ ശരണ്യ എന്ന പെൺകുട്ടിയുടെ ആത്മഹത്യ

ശ്രീ. സി. കെ. നാണു: സർ, ഒരു പ്രദേശത്തെ മുഴുവൻ വേദനയിലാഴ്ത്തിയ സംഭവമാണിത്. വടകരയിലെ വില്യാപ്പള്ളിയിലെ ശങ്കരന്റെ ഇളയ മകളായ, അക്ഷയ കോളേജിൽ പഠിക്കുന്ന ശരണ്യ എന്ന കുട്ടി കഴിഞ്ഞ ജൂൺ മാസം 17-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം ചില കൂട്ടുകാരികളോടൊപ്പം അടുത്തുള്ള കല്ലേരി ക്ഷേത്രത്തിൽ പോയിവരുമ്പോൾ വില്യാപ്പള്ളി ടൗൺ, മുഖ്യമന്ത്രിക്കറിയാം, വൈകുന്നേരം 5 മണിക്കൊക്കെ നല്ല ജനക്കൂട്ടമുള്ള പ്രദേശമാണ്—അവിടെ ഫ്രൂട്ട്സ് കച്ചവടം നടത്തുന്നതിന് വരുന്ന വണ്ടിയിൽ വന്ന ഒരാൾ അതിഹീനമായ വിധത്തിൽ ആളുകൾ കാണത്തക്കവിധത്തിൽ പരസ്യമായി അവളുടെ മാറിൽ പിടിച്ചു. യഥാർത്ഥത്തിൽ ആ ടൗൺ സ്തംഭിച്ചുപോയി. അങ്ങനെ ഒരു സംഭവം ആളുകൾക്ക് വിശ്വസിക്കാൻ സാധിച്ചില്ല. ആളുകൾ പെട്ടെന്നുതന്നെ അതിലെ ഒന്നുരണ്ടുപേരെ വിളിച്ചുകൊണ്ടുപോയി മർദ്ദിച്ചുവെങ്കിലും ആ പെൺകുട്ടി വീട്ടിൽ വന്നശേഷം ശനിയാഴ്ച അവൾ കോളേജിൽ പോയില്ല. 19-ാം തീയതി വൈകുന്നേരം ആ കുട്ടി ആത്മഹത്യ ചെയ്തു. കോരി ചൊരിയുന്ന മഴയത്ത് എല്ലാ രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരും മറ്റുള്ളവരും ആത്മഹത്യ ചെയ്ത കുട്ടിയുടെ വീട്ടിൽ മൗനജാഥയായി പോയി അനുശോചനം അറിയിച്ചു. പോസ്റ്റ്മോർട്ടം നടന്ന അന്ന് പോലീസ് ഞങ്ങളോട് പറഞ്ഞത്, 4 പ്രതികളെ പിടിച്ചു എന്നാണ്. ആ പ്രദേശത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly